(ഇ) ഖാദിവ്യവസായ യൂണിറ്റുകളുടെ ഉല്പന്നങ്ങളെ എല്ലാത്തരം നികുതിയിൽ നിന്നും ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 411 യൂണിറ്റുകൾ.

(ബി) ഖാദിബോർഡിന്റെ ഡിപ്പാർട്ടുമെന്റൽ യൂണിറ്റുകൾ പുനരുദ്ധരിക്കുന്നതിന് സംസ്ഥാനസർക്കാർ പദ്ധതിയിലുൾപ്പെടുത്തി നടപടികൾ എടുത്തുവരുന്നു. ഖാദികമ്മീഷനിൽ നിന്നും പുനരുദ്ധാരണ ഗ്രാന്റ് ബോർഡിന് ലഭിക്കാത്തതിനാൽ മറ്റു യൂണിറ്റുകൾക്ക് (സഹകരണ സംഘങ്ങൾ, ചാരിറ്റബിൾ സൊസൈറ്റികൾ) പുനരുദ്ധാരണ ഗ്രാന്റ് അനുവദിക്കുന്നില്ല.

(സി) ഖാദികമ്മിഷനും സംസ്ഥാനസർക്കാരും അനുവദിക്കുന്ന റിബേറ്റ് സഹകരണസംഘങ്ങൾക്ക് നൽകി വരുന്നുണ്ട്. കൂടാതെ സഹകരണസംഘങ്ങളിലെ തൊഴിലാളികൾക്ക് ഉല്പാദന ഇൻസെന്റീവ് നൽകി വരുന്നു.

(ഡി) 1. ഖാദിവ്യവസായ സ്ഥാപനങ്ങളുടെ ഉല്പന്നങ്ങൾ ബോർഡിന്റെ വില്പനശാലകളിലൂടെ ഒരു പരിധിവരെ വിറ്റഴിക്കാൻ സഹായിക്കുന്നു.

2. സംസ്ഥാനതലത്തിലും ജില്ലാതലങ്ങളിലും പ്രദർശനവിപണന മേളകൾ, സ്കൂൾമേളകൾ തുടങ്ങിയവ സംഘടിപ്പിച്ചു വരുന്നു. ഖാദിസ്ഥാപനങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് ഇവയിലൂടെ അവരുടെ ഉല്പന്നങ്ങൾ വിറ്റഴിക്കപ്പെടുന്നുണ്ട്.

(ഇ) റെഡിമെയ്ഡ് വസ്ത്രങ്ങൾ ഒഴികെ മറ്റു ഖാദി വ്യവസായ ഉല്പന്നങ്ങളെ വില്പന നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

ഖാദിക്കും ഗ്രാമീണ കുടിൽ വ്യവസായങ്ങളുടെ പുരോഗതിക്കും വേണ്ടി സ്വീകരിച്ച നടപടികൾ

111 (887) ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഖാദിക്കും ഗ്രാമീണകുടിൽ വ്യവസായങ്ങൾക്കും വേണ്ടി സംസ്ഥാന ബഡ്ജറ്റിൽ ഈ വർഷം എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ;

(ബി) ഗ്രാമീണ കുടിൽ വ്യവസായങ്ങളുടെ പുരോഗതിയ്ക്കുവേണ്ടി സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിക്കുവാനുദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 350 ലക്ഷം രൂപ.

(ബി) ഗ്രാമീണവ്യവസായങ്ങൾക്കായി പുതിയ യൂണിറ്റുകൾ ആരംഭിച്ച് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി ഖാദികമ്മീഷന്റെ മാർജിൻമണി പദ്ധതിപ്രകാരം ഖാദി കമ്മീഷനിൽ നിന്നും ലഭിക്കുന്ന ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ധനസഹായം നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly